## കേരള ചെറുകിട ജലസേചന വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഷൊർണ്ണൂർ

# ലേല പരസ്യം

ലേല സാധനം- - പെരുമുടിയൂർ ലിഫ്റ്റ് ഇറിഗേഷൻ വലത് ബ്രാഞ്ച് കനാൽ ബണ്ടിൽ പട്ടാമ്പി പള്ളിപ്പുറം റോഡിൽ മമ്മിപ്പടി ബസ്സ്റ്റോപ്പിന് സമീപം നിൽക്കുന്ന മഴ മരങ്ങൾ 3 എണ്ണം

ലേല തിയതിയും സമയവും - 18-09-2020 11.30 എ എം

ലേല നടത്തപ്പെടുന്ന സ്ഥലം - പട്ടാമ്പി മൈനർ ഇറിഗേഷൻ സെക്ഷൻ കാര്യാലയപരിസരം

ലേലത്തിൽ പങ്കെടുക്കേണ്ടവർ
കെട്ടിവയ്ക്കേണ്ട നിരതദ്രവ്യം - 1300/- രൂപ

ലേലം ചെയ്യുന്ന ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, ഷൊർണ്ണൂർ

ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് വിളിക്കുന്നവരുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ലേലം വിളിച്ചെടുത്തവർ ലേല സംഖ്യയും, ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും, ഇൻകംടാക്സും, ജി എസ് ടി യും സെക്യൂരിറ്റി ഡിപ്പോസിറ്റ് അടക്കമുള്ള തുക അപ്പോൾത്തന്നെ അടുത്തുള്ള ട്രഷറിയിൽ ഹെഡ് ഓഫ് അക്കൌണ്ടുകളിൽ ചലാൻ അടച്ച് രസീത് ലേലം നടത്തുന്ന ഉദ്യോഗസ്ഥനെ അന്ന് തന്നെ ഏല്പിക്കേണ്ടതാണ്. ലേലം പിന്നീട് ഈ വകുപ്പിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പൂർണ്ണമായി സ്ഥിരപ്പെടുത്തുന്നതും ആയതിന്ശേഷം ഈ ഓഫീസിൽനിന്നുള്ള നിർദ്ദേശാനുസരണം മാത്രം ലേല സാധനങ്ങൾ മാറ്റാവുന്നതുമാണ്.

..................................2

ലേലം സ്ഥിരപ്പെടുത്തുന്നതിനും മാറ്റി വെക്കുന്നതിനുമുള്ള അധികാരം ഈ ഓഫീസിൽമാത്രം നിക്ഷിപ്തമായിരിക്കുന്നു. ജലസേചന വകുപ്പിലെ ലേലത്തെ സംബന്ധിച്ചുള്ള മറ്റെല്ലാ നിബന്ധനങ്ങളും ഈ ലേലത്തിനും ബാധകമാണ്. ലേലത്തെ സംബന്ധിച്ച് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ ആയത് ലേലം കഴിഞ്ഞ് 3 ദിവസത്തിനകം ഈ ഓഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. സമയം കഴിഞ്ഞ് കിട്ടുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കപ്പെടുന്നതല്ല. ലേലത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഓഫീസ് സമയത്ത് അന്വേഷിച്ചാൽ ഈ ഓഫീസിൽനിന്നും അറിയാവുന്നതാണ്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്ഥലം- ഷൊർണ്ണൂർ

തിയതി 11/092020

പകർപ്പ്

1.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം ഐ ഡിവിഷൻ, പാലക്കാട്.

2.സെക്രട്ടറി, നഗരസഭ, ഷൊർണ്ണൂർ

3.വില്ലേജ് ഒഫീസർ, വില്ലേജ് ഓഫീസ്, ഷൊർണ്ണൂർ

4.എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഐ ടി സെൽ) തിരുവനന്തപുരം

5.സെക്രട്ടറി, മുതുതല പഞ്ചായത്ത്, മുതുതല

6.വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, മുതുതല

7.ലേല സ്ഥലത്ത് പരസ്യപ്പെടുത്തുന്നതിന് വേണ്ടി.

8.അസിസ്റ്റൻറ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ പട്ടാമ്പിയ്ക്ക് പ്രസ്തുത ലേലം നടത്തുന്നതിനുവേണ്ടി ചുമതലപ്പെടുത്തുന്നു. ലേലം നടത്തിയതിനുശേഷം റിപ്പോർട്ട് ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുകയും മുറിച്ച് നീക്കിയ മരങ്ങൾക്ക് പകരം 30 മരത്തിൻറെ തൈകൾ നട്ട് പിടിപ്പിച്ച് പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

9.നോട്ടീസ് ബോർഡ്